## പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1802 25/03/13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ; | (എ) തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ ധനസഹായ പദ്ധതി, 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന മാതൃക മത്സ്യഗ്രാമം പദ്ധതി എന്നിവ വഴി വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഏതാണെന്നും, നിർവ്വഹണ ഏജൻസി ആരാണെന്നും അറിയിക്കുമോ; | (ബി) ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നല്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ഇതിനായി ഉപയോഗിക്കുന്നു. ഫീഷറീസ് വകുപ്പാണ് മേൽ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. |

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി നാളിതുവരെ പ്രാവർത്തികമാക്കി യിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(സി) കൊല്ലം ജില്ലയിൽ ടി പദ്ധതികൾ പ്രകാരമാണ് നാളിതുവരെ ഭവന നിർമ്മാണ ധനസഹായം നല്കിയിട്ടുള്ളത്. 2012-13 വർഷത്തെ ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 110 ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുകയും നാളിതുവരെ 46 ഭവനങ്ങൾ പൂർത്തിയാക്കു കയും 38 ഭവനങ്ങൾ വിവിധ നിർമ്മാണ ഘട്ടത്തിലുമാണ്. ടി പദ്ധതി പ്രകാരം നാളിതുവരെ 1,29,75,000/- രൂപ (ഒരു കോടി ഇരുപത്തൊമ്പത് ലക്ഷത്തി എഴുപത്തയ്യായി- രം രൂപ മാത്രം ) ചെലവഴിച്ചിട്ടുള്ളതാണ്.

മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 284 ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുകയും 138 ഭവനങ്ങൾ പൂർത്തിയാക്കുകയും 91 ഭവനങ്ങൾ വിവിധ നിർമ്മാണ ഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം നാളിതുവരെ 4,56,50,000/- രൂപ (നാലു കോടി അമ്പത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം ) ചെലവഴിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ